# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## അഗ്രികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 32/2021 (64)** വെള്ളിയാഴ്ച **തീയ്യതി 06.08.2021**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 39.3 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 29.7 മുതൽ 30.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 23.1 മുതൽ 23.8 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 94 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 65 മുതൽ 75 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.5 മുതൽ 2.3 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 1.1 മുതൽ 5.7 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.3 മുതൽ 2.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 07.08.2021 | 08.08.2021 | 09.08.2021 | 10.08.2021 | 11.08.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 18 | 16 | 8 | 7 | 9 |
| ഉയർന്ന താപനില (°C) | 30 | 31 | 31 | 31 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 97 | 97 | 97 | 97 | 97 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 290 | 290 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 6 | 6 |

ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ:** വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ച സൗകര്യം ഉറപ്പു വരുത്തുക. മണ്ണ് പരിശോധ നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. | | |
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | ഗാളീച്ച | നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാനായി ഒരു ഏക്കറിന് 6 കിലോഗ്രാം കാർബോസൾഫാൻ ഇട്ടുകൊടുക്കുക. |
| വാഴ | മാണ അഴുകൽ | മഴക്കാലത്ത് വാഴയിൽ മാണ അഴുകലിനു സാധ്യതയുണ്ട്. പ്രതിരോധ നടപടി എന്ന നിലയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 3 ലിറ്റർ വീതം ഓരോ വാഴയുടെ ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| ജാതി | ഇലപൊഴിച്ചിൽ | മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മഞ്ഞൾ | ഇല കരിച്ചിൽ | മഞ്ഞളിൽ ഇല കരിച്ചിൽ രോഗം നിയന്ത്രിക്കുന്നതിനായി കോൺടാഫ് (ഹെക്സാകൊണാസോൾ) രണ്ട് മില്ലി ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ (വെണ്ട) | ഇലപ്പുള്ളിരോഗം | വെണ്ടയിൽ ഇലപ്പുള്ളി രോഗത്തിന് പ്രതിവിധിയായി 3 ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിതീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പു രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. (caadeccs, kvasu,മണ്ണുത്തി) | |